(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സാധ്യമാക്കുവാൻ സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുകയെന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ എന്ന പ്രോജക്ട് വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. സാധാരണക്കാരന് അവരുടെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ സേവനങ്ങളുടെ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും. വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.-യിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, വി.എച്ച്.എസ്.ഇ. എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. 25 ഇ-ഡിസ്ട്രിക്ട് സേവനങ്ങളും ഇതുവഴി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ഭരണതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റിയും സ്റ്റേറ്റ് പ്രോജക്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസി.

ടെൽക്കിന്റെ പ്രവർത്തനം

240 (607) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി.-യുടെ കഹൽഗാവ് പ്രോജക്ടിൽ ടെൽക്കിന് ലഭിച്ച 19 കോടി രൂപയുടെ ഓർഡർ ടെൽക് ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്താണെന്നും ഇതുമൂലം കമ്പനിക്ക് ഉണ്ടായ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ടെൽക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 25 കോടി രൂപയുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഡി) ബോർഡ് അംഗീകരിച്ച ക്യാപിറ്റൽ പ്രൊക്യൂവർമെന്റ് പോളിസിക്ക് വിരുദ്ധമായി ടെൽക്കിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ലാർജ് കപ്പാസിറ്റി ട്രാൻസ് ഫോർമറുകൾ കൂടുതൽ എണ്ണം നിർമ്മിക്കാൻ വേണ്ടി 2013-ൽ 25 കോടി രൂപ മുടക്കി പൂർത്തീകരിച്ച വികസനങ്ങൾ കൊണ്ട് ടെൽക് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് ; പ്രസ്തുത വികസനങ്ങളാൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ബാധകമായ പ്രവേശന നികുതി കണക്കാക്കാതെയാണ് വില ക്വാട്ട് ചെയ്തത്. അതുകാരണം ഓർഡർ ഏറ്റെടുത്ത് നടത്തിയിരുന്നെങ്കിൽ ഇ.എം.ഡി. നഷ്ടപ്പെടുന്നതിനെക്കാളും വലിയ നഷ്ടം നേരിടേണ്ടിവരുമായിരുന്നു. 36 ലക്ഷം രൂപയാണ് ഈ ഇനത്തിൽ കണ്ടുകെട്ടിയത്.

(ബി) ഈ പിഴവിന്റെ പ്രാഥമിക ഉത്തരവാദിയായ അസിസ്റ്റന്റ് മാനേജർ ജോലി രാജി വെച്ച് പോകുകയുണ്ടായി. പ്രസ്തുത അസിസ്റ്റന്റ് മാനേജർ റിപ്പോർട്ട് ചെയ്തിരുന്ന മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലെ മറ്റ് ഉദ്യോഗസ്ഥന്മാർക്ക് ഇൻക്രിമെന്റ് തടയൽ ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയുണ്ടായി. മാർക്കറ്റിംഗ് മേധാവിയെ മാറ്റുകയും ചെയ്തു.

(സി) ടെൽക്ക് ഒരു സംയുക്ത സംരംഭമായതിനാൽ ടെൽക്കിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ജോയിന്റ് വെഞ്ചർ പങ്കാളിയായ എൻ.ടി.പി.സി. കൂടി അംഗീകരിക്കേണ്ടതിനാൽ എൻ.ടി.പി.സി. ബോർഡിന്റെ അംഗീകാരം തേടിയിരിക്കുകയാണ്.

(ഡി) ടെൽക്കിൽ ബോർഡ് അംഗീകരിച്ച പ്രൊക്യൂർമെന്റ് പോളിസിക്ക് വിരുദ്ധമായി വികസന പ്രവർത്തനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2008 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ വികസനത്തിനായി 25 കോടിയോളം രൂപ ചെലവാക്കിയത് പുതിയ ക്രെയിൻ, വൈൻഡിംഗ് മെഷീൻ, ടെസ്റ്റിംഗ് ഉപകരണങ്ങൾ, ക്രെയിനുകൾ, വാക്വം പമ്പ്, പുതിയ ഷോപ്പ് ഏരിയ തുടങ്ങിയ കമ്പനിയുടെ പ്രഥമമായ ആവശ്യങ്ങൾക്കും ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു. തുടർച്ചയായി ബ്രേക്ക് ഡൗൺ ആകമായിരുന്ന പഴയ സൗകര്യങ്ങൾ മാറ്റി പുതിയവ കൊണ്ടുവരുന്നതും വികസനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

പുതിയ സൗകര്യങ്ങളിൽ ചിലത് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രോഡക്ട് സൈക്കിൾ ടൈം കുറയ്ക്കുന്നതിനും സഹായിച്ചു കോയിൽ നിർമ്മാണത്തിലെ എല്ലാ സ്റ്റേജിലും അത്യാവശ്യമായ ഹ്യുമിഡിറ്റി ആന്റ് ഡസ്റ്റ് കൺട്രോൾ സൗകര്യങ്ങൾ ടെൽക്കിലില്ലായിരുന്നു. എ.ബി.ബി., SIEMENS തുടങ്ങിയവയിലെ പുതിയ ഫാക്ടറികളുമായി താരതമ്യം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ അസൗകര്യങ്ങൾ ടെൽക്കിന് വളരെ പ്രതികൂലമായിരുന്നു. വികസനം വഴി ഇവയെല്ലാം തിരുത്തി ഉപഭോക്താക്കൾക്ക് ഫാക്ടറി കൂടുതൽ മെച്ചമായി അനുഭവപ്പെടാൻ ഇടയാക്കി. ലാർജ് കപ്പാസിറ്റി ട്രാൻസ്ഫോർമറുകളുടെ ആവശ്യം കഴിഞ്ഞ രണ്ട് വർഷക്കാലമായി കുറഞ്ഞതുകാരണം പുതിയ സൗകര്യത്തിന്റെ 10% മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വിപണി സൗകര്യങ്ങൾ മെച്ചപ്പെടുന്നതിനനുസരിച്ച് പുതിയ സൗകര്യം മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്റ്റാർട്ടപ്പ് വ്യവസായരംഗം

241 (608) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിക്ഷേപം കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്ത് സംസ്ഥാനം പിന്നോക്കം പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമെന്നാണ് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത രംഗത്തെ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ എന്തെല്ലാം അനുകൂല ഘടകങ്ങളാണ് സംസ്ഥാനം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(ഡി) പ്രസ്തുത രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly